ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനം

*29 [87] ശ്രീ. ടി. കെ. ബാലൻ:

" സാജു പോൾ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ടൂറിസം വികസിപ്പിക്കുന്നതിന് കൗൺസിലുകൾക്ക് എന്തെല്ലാം അധികാരങ്ങളാണ് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഡി.ടി.പി.സി.-കളുടെ പ്രവർത്തനത്തിൽ ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഡി.ടി.പി.സി. സെക്രട്ടറി സ്ഥാനത്തേക്ക് കരാർ വ്യവസ്ഥയിൽ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) ഉണ്ട്.

(ബി) ജില്ലാതലത്തിലുള്ള വിവിധ ടൂറിസം പദ്ധതികൾ നിർവ്വഹിക്കാനുള്ള അധികാരം, ടൂറിസം ക്ലബ്ബുകളുടെ രൂപീകരണം, ടൂറിസം ബോധവൽക്കരണ പ്രവർത്തനം, ഹോംസ്റ്റേ സംവിധാനത്തിന്റെ ഏകോപനം, ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന ടൂറിസം പദ്ധതികളുടെ മോണിറ്ററിംഗിന് ഡി.ടി.പി.സി.-കൾ നോഡൽ ഏജൻസികളായി പ്രവർത്തിക്കുക, ടൂറിസം പദ്ധതിയിൽ നടപ്പിലാക്കുന്ന എല്ലാ ഏജൻസികളുമായി നിരന്തര സമ്പർക്കം പുലർത്തുക, ജില്ലാതലത്തിൽ സ്വകാര്യ ടൂറിസം സംരംഭകരുമായി ബന്ധം പുലർത്തുക, ജില്ലയുടെ വികസനത്തിനായി സ്വകാര്യമേഖലയുടെ പങ്കാളിത്തം ഉറപ്പാക്കുക തുടങ്ങിയവയാണ് ഡി.ടി.പി.സി.-കളിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ.

(സി) ഉണ്ട്.

(ഡി) ഉണ്ട്. ടൂറിസം മാനേജ്മെന്റ്, ബിസിനസ്സ് മാനേജ്മെന്റ് എന്നിവയിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തരബിരുദവും ടൂറിസം വിഷയമാക്കിയുള്ള പി.ജി. ഡിപ്ലോമയും ഏതെങ്കിലും പേരെടുത്ത പ്രസ്ഥാനങ്ങളിൽ മാനേജീരിയൽ ജോലിയിൽ രണ്ടുവർഷത്തെ പ്രവൃത്തിപരിചയം ഉള്ളവരും അമ്പത്തിയഞ്ചു വയസ്സ് കഴിയാത്തവരുമായ പ്രഫഷണലുകളെ ഡി.ടി.പി.സി. സെക്രട്ടറി സ്ഥാനത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly